## കേരള സർക്കാർ
## പൊതുപരീക്ഷാ വിഭാഗം

# യു.എസ്.എസ് പരീക്ഷ
# ഫെബ്രുവരി - 2025

# വിജ്ഞാപനം

**പരീക്ഷാ കമ്മിഷണറുടെ കാര്യാലയം**
**പരീക്ഷാഭവൻ, പൂജപ്പുര**
**തിരുവനന്തപുരം – 12**

നം.ഇ.എക്സ്/എച്ച്-1/55525/2024/സി.ജി.ഇ

പരീക്ഷാകമ്മീഷണറുടെ കാര്യാലയം
പരീക്ഷാഭവൻ, പൂജപ്പുര
തിരുവനന്തപുരം – 12
തീയതി : 11/12/2024

## വിജ്ഞാപനം

വിഷയം:- പൊതു വിദ്യാഭ്യാസം – പരീക്ഷാ ഭവൻ – 2024-25 അധ്യയന വർഷത്തെ യു.എസ്.എസ് പരീക്ഷ നടത്തുന്നത് – സംബന്ധിച്ച്.

സൂചന:- 1. G.O (RT) No.105/2011പൊ.വി.വ. തീയതി 06/01/2011
2. G.O.(RT) No. 5662/2015. തീയതി: 30/11/2015.

മേൽ സൂചനയിലെ സർക്കാർ ഉത്തരവ് അനുസരിച്ച് 2024-25 അധ്യയന വർഷത്തെ യു.എസ്.എസ് പരീക്ഷ താഴെ പറയും പ്രകാരം നടത്തുന്നതാണ്.

| പരീക്ഷയുടെ പേര് | തീയതി | സമയം |
|---|---|---|
| യു.എസ്.എസ്. | 27/02/2025<br>വ്യാഴം | പേപ്പർ I - രാവിലെ 10.15 മുതൽ 12.00 മണി വരെ<br>പേപ്പർ II - ഉച്ചക്ക് 1.15 മുതൽ 3.00 മണി വരെ |

## യു.എസ്.എസ്. പരീക്ഷയുടെ മാർഗ്ഗനിർദ്ദേശങ്ങൾ

### 1. യു.എസ്.എസ്. പരീക്ഷ എഴുതുന്നതിനുള്ള യോഗ്യത

- കേരളത്തിലെ ഗവൺമെന്റ്/എയ്ഡഡ്/അംഗീകാരമുള്ള അൺ-എയ്ഡഡ് വിദ്യാലയങ്ങളിൽ ഏഴാം ക്ലാസ്സിൽ പഠിക്കുന്നവർക്ക് യു.എസ്.എസ് പരീക്ഷ എഴുതാവുന്നതാണ്.
- ഏഴാം ക്ലാസ്സിലെ രണ്ടാം ടേം പരീക്ഷയിൽ ലഭിച്ച ഗ്രേഡുകളുടെ അടിസ്ഥാനമാക്കിയാണ് കുട്ടികളെ തെരഞ്ഞെടുക്കുന്നത്. ഇതിനായി 2 മാനദണ്ഡങ്ങളാണ് നിർദേശിക്കുന്നത്.

1. എല്ലാ വിഷയങ്ങളിലും 'എ' ഗ്രേഡ് (ഭാഷാ വിഷയങ്ങൾ & ശാസ്ത്ര വിഷയങ്ങൾ)
2. ഭാഷാ വിഷയങ്ങളിൽ 2 പേപ്പറുകൾക്ക് 'എ' ഗ്രേഡും ഒന്നിന് 'ബി' ഗ്രേഡും. ശാസ്ത്ര വിഷയങ്ങളിൽ (ഗണിതം, അടിസ്ഥാന ശാസ്ത്രം, സാമൂഹ്യ ശാസ്ത്രം) രണ്ടിന് 'എ' ഗ്രേഡും ഒന്നിന് 'ബി' ഗ്രേഡും.

- **നോട്ട് :** **കലാ-കായിക-പ്രവൃത്തി പരിചയ ഗണിത സോഷ്യൽ സയൻസ് വിദ്യാരംഗം മേളകളിൽ സബ്ജില്ലാതലത്തിൽ 'എ' ഗ്രേഡ്/ഒന്നാംസ്ഥാനം നേടിയവർക്ക് മാത്രമാണ് രണ്ടാം മാനദണ്ഡം ബാധകമാകുക.**

യു.എസ്.എസ് പരീക്ഷയ്ക്ക് കുട്ടികൾ ഫീസ് നൽകേണ്ടതില്ല. പരീക്ഷ എഴുതാൻ അർഹതയുള്ള കുട്ടികളുടെ പേരു വിവരങ്ങൾ ഓൺലൈനായി **30/12/2024 മുതൽ 15/01/2025** നു മുമ്പായി സ്കൂൾ ഹെഡ്മാസ്റ്റർ രജിസ്റ്റർ ചെയ്യേണ്ടതാണ്.

**സാങ്കേതികവിവരങ്ങൾക്ക്-0471-2546832,0471-2546833**
ഇ-മെയിൽ : **lssusshelpdesk@gmail.com**

## 2. പരീക്ഷയുടെ സിലബസും സ്വഭാവവും.

- യു.എസ്.എസ് പരീക്ഷയ്ക്ക് 2024-25 അധ്യയനവർഷത്തെ ഏഴാം ക്ലാസിലെ മുഴുവൻ പാഠഭാഗങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്.
- ഏഴാം ക്ലാസ്സുവരെ കുട്ടി നേടിയിരിക്കേണ്ട പഠന നേട്ടങ്ങൾ (ആശയങ്ങൾ, ധാരണകൾ, ശേഷികൾ, മനോഭാവതലം) പരിഗണിച്ചുകൊണ്ടാണ് യു.എസ്.എസ് പരീക്ഷയ്ക്കുള്ള ചോദ്യങ്ങൾ തയ്യാറാക്കുന്നത്.
- പരീക്ഷയുടെ വസ്തുനിഷ്ഠതയും (objectivity) വിശ്വാസ്യതയും (reliability) നിലനിർത്തുന്നതിനായി ബഹുവികല്പ ചോദ്യങ്ങൾ (Multiple choice test items) ആയിരിക്കും ഈ പരീക്ഷയിൽ ഉൾപ്പെടുത്തുന്നത്.
- ചോദ്യങ്ങൾ താഴെപ്പറയുന്ന തലങ്ങളിൽ ചിന്താശേഷി പ്രയോഗിച്ച് ഉത്തരം കണ്ടെത്തേണ്ടവയും ഉയർന്ന ശേഷിക്ക് പ്രാമുഖ്യം നൽകുന്നവയും ആയിരിക്കണം.
    - അറിവിന്റെ സ്വാംശീകരണം
    - അറിവിന്റെ പ്രയോഗം
    - വിശകലനാത്മകത
    - വിലയിരുത്തൽ/നിലപാട് സ്വീകരിക്കൽ
    - സൃഷ്ടിപരത

## 3. പരീക്ഷയുടെ ഘടന

യു.എസ്.എസ്. പരീക്ഷയ്ക്ക് രണ്ട് പേപ്പറുകൾ ഉണ്ടായിരിക്കും

**പേപ്പർ (1 ) ഒന്നാം ഭാഷ &ഗണിതം (ഇതിലും 3 പാർട്ടുകൾ ഉണ്ട്)**

| | | |
|---|---|---|
| പാർട്ട് (എ) | : | ഒന്നാം ഭാഷ (ഭാഗം 1) A.T മലയാളം/കന്നട/തമിഴ്/ അറബി/ ഉറുദു/ സംസ്കൃതം |
| പാർട്ട് (ബി) | : | ഒന്നാം ഭാഷ (ഭാഗം 2) B.T മലയാളം/കന്നട/തമിഴ് |
| പാർട്ട് (സി) | : | ഗണിതം |

**പേപ്പർ (2) ഇംഗ്ലീഷ്, ശാസ്ത്രം & സാമൂഹ്യശാസ്ത്രം (ഇതിലും 3 പാർട്ടുകൾ ഉണ്ട്)**

| | | |
|---|---|---|
| പാർട്ട് (എ) | : | ഇംഗ്ലീഷ് |
| പാർട്ട് (ബി) | : | അടിസ്ഥാന ശാസ്ത്രം |
| പാർട്ട് (സി) | : | സാമൂഹ്യശാസ്ത്രം |

- **ഒന്നാം പേപ്പറിൽ 50 ചോദ്യങ്ങൾ ഉണ്ടായിരിക്കും.**

1. പാർട്ട് (എ)-യിൽ ഒന്നാം ഭാഷ A.T -യിൽ ആകെ **15** ചോദ്യങ്ങൾ (എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം)
2. പാർട്ട് (ബി)-യിൽ ഒന്നാം ഭാഷ B.T -യിൽ ആകെ **15** ചോദ്യങ്ങൾ (ശരിയായി ഉത്തരം എഴുതിയ 10 ചോദ്യങ്ങളുടെ ഉത്തരങ്ങൾ മാത്രമേ പരിഗണിക്കുകയുള്ളു.)
3. പാർട്ട് (സി) – ഗണിതം ആകെ **20** ചോദ്യങ്ങൾ (എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം)

- <u>**രണ്ടാം പേപ്പറിൽ 55 ചോദ്യങ്ങൾ ഉണ്ടായിരിക്കും.**</u>
    1. പാർട്ട് (എ) – ഇംഗ്ലീഷ് – ആകെ **15** ചോദ്യങ്ങൾ (എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം)
    2. പാർട്ട് (ബി) – അടിസ്ഥാന ശാസ്ത്രം – ആകെ **20** ചോദ്യങ്ങൾ (ശരിയായി ഉത്തരം എഴുതിയ **15** ചോദ്യങ്ങളുടെ ഉത്തരങ്ങൾ മാത്രമേ പരിഗണിക്കുകയുള്ളു.)
    3. പാർട്ട് (സി) – സാമൂഹ്യശാസ്ത്രം – ആകെ **20** ചോദ്യങ്ങൾ (ശരിയായി ഉത്തരം എഴുതിയ **15** ചോദ്യങ്ങളുടെ ഉത്തരങ്ങൾ മാത്രമേ പരിഗണിക്കുകയുള്ളു).
- ഒരു പേപ്പറിന് 90 മിനിട്ടായിരിക്കണം സമയം.
- ഓരോ പേപ്പറിന്റെയും ചോദ്യങ്ങളുടെ എണ്ണം താഴെ കൊടുത്തിരിക്കുന്ന രീതിയിലാണ്.

**പേപ്പർ (1 )**

| | | | |
|---|---|---|---|
| പാർട്ട് (എ) | : | ഒന്നാം ഭാഷ (ഭാഗം 1) | 15 |
| പാർട്ട് (ബി) | : | ഒന്നാം ഭാഷ (ഭാഗം 2) | 15 (പരമാവധി സ്കോർ 10) |
| പാർട്ട് (സി) | : | ഗണിതം | 20 |
| | | **ആകെ** | **50** (പരമാവധി സ്കോർ 45) |

**പേപ്പർ (2)**

| | | | |
|---|---|---|---|
| പാർട്ട് (എ) | : | ഇംഗ്ലീഷ് | 15 |
| പാർട്ട് (ബി) | : | അടിസ്ഥാന ശാസ്ത്രം | 20 (പരമാവധി സ്കോർ 15) |
| പാർട്ട് (സി) | : | സാമൂഹ്യശാസ്ത്രം | 20 (പരമാവധി സ്കോർ 15) |
| | | **ആകെ** | **55** (പരമാവധി സ്കോർ 45) |

- പരീക്ഷ പേപ്പർ **1** രാവിലെ 10.15 മുതൽ 12.00 മണിവരെയും പേപ്പർ 2 ഉച്ചയ്ക്ക് ശേഷം 1.15 മണി മുതൽ 3.00 വരെയും ആയിരിക്കും. ഇതിൽ ആദ്യത്തെ 15 മിനിറ്റ് സമാശ്വാസ സമയമാണ്.

- ഒരു ചോദ്യത്തിന് ഒരു സ്കോർ വീതം ആണ് ആകെ ഉത്തരം എഴുതേണ്ടത് 90 ചോദ്യങ്ങൾക്കാണ് അതുകൊണ്ട് പരമാവധി സ്കോർ 90 ആയിരിക്കും.
- ഓരോ വിഷയത്തിലും അതാത് വിഷയങ്ങളുമായി ബന്ധപ്പെട്ട സാമാന്യാവബോധം പരിശോധിക്കുന്നതിനുള്ള ചോദ്യങ്ങൾ ഉണ്ടായിരിക്കും.
- ഒന്നാം ഭാഷ (ഭാഗം 2) സാമൂഹ്യശാസ്ത്രം, അടിസ്ഥാനശാസ്ത്രം എന്നിവയിലെ ഓരോ വിഷയത്തിന്റെയും **5** ചോദ്യങ്ങൾ യഥാക്രമം കല, സാഹിത്യം, ആരോഗ്യ–കായിക വിഷയ ങ്ങളുമായി ബന്ധപ്പെടുത്തിയായിരിക്കും.
- **ഗണിതത്തിന്റെ ചോദ്യങ്ങളിൽ യുക്തിചിന്ത** (reasoning), **മാനസികശേഷി** (mental ability) **എന്നിവ പരിശോധിക്കുന്നതിനുള്ള ചോദ്യങ്ങളും ഉണ്ടായിരിക്കും.**
- ഒന്നാം പേപ്പറിന്റെ പാർട്ട് (എ) യിൽ ഓരോ വിഷയത്തിന്റെയും (ഭാഷകൾ) ചോദ്യങ്ങൾ 1 മുതൽ 15 വരെ ക്രമനമ്പരായിരിക്കും. അതുപോലെ പാർട്ട് ബി–യിലെ ഓരോ വിഷയത്തി ന്റെയും ചോദ്യങ്ങൾ 16 മുതൽ 30 വരെ ക്രമനമ്പരായിരിക്കും. പാർട്ട് സി–യിലെ ചോദ്യങ്ങളുടെ ക്രമനമ്പർ 31 മുതൽ 50 വരെ ആയിരിക്കും.

- പേപ്പർ 2 ലെ ചോദ്യങ്ങൾ പാർട്ട് 'എ' യിലെ ചോദ്യങ്ങൾക്ക് (ഇംഗ്ലീഷ്) 1 മുതൽ 15 വരെ ക്രമ നമ്പരും, പാർട്ട് 'ബി' യിലെ ചോദ്യങ്ങൾക്ക് (അടിസ്ഥാനശാസ്ത്രം) 16 മുതൽ 35 വരെ ക്രമന മ്പരും, പാർട്ട് 'സി'- ലെ ചോദ്യങ്ങൾക്ക് (സാമൂഹ്യശാസ്ത്രം) 36 മുതൽ 55 വരെ ക്രമനമ്പരും ആയിരിക്കും.

## 4. പരീക്ഷാ സമിതി

പരീക്ഷയുടെ സുഗമമായ നടത്തിപ്പിന് ജില്ലാതലത്തിലും സബ് ജില്ലാതലത്തിലും പരീക്ഷാസമിതി കൾ ഉണ്ടായിരിക്കണം. ജില്ലാതലത്തിൽ ഡി.ഡി.ഇ (ചെയർമാൻ), ഡയറ്റ് പ്രിൻസിപ്പാൾ (കൺവീനർ), ഡി.പി.ഒ (എസ്.എസ്.കെ), ഡി.ഇ.ഒ മാർ (മെമ്പർ) എന്നിവരും സബ്ജില്ലാതലത്തിൽ എ.ഇ.ഒ (കൺവീ നർ), ഡയറ്റ് ഫാക്കൽറ്റി (മെമ്പർ), ബി.പി.ഒ സമഗ്ര ശിക്ഷാ കേരള (മെമ്പർ) എന്നിവരുമടങ്ങിയ സമിതി യായിരിക്കും. ഈ സമിതി ബഹു.പരീക്ഷാകമ്മീഷണറുടെയും പരീക്ഷാസെക്രട്ടറിയുടെയും നിർദ്ദേശങ്ങൾക്കനുസരിച്ച് പരീക്ഷയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്തു തീരുമാ നിക്കണം.

## 5. ചോദ്യപേപ്പർ തയ്യാറാക്കലും വിതരണവും

യു.എസ്.എസ് പരീക്ഷയുടെ ചോദ്യപേപ്പർ തയ്യാറാക്കൽ, അച്ചടി, വിതരണം എന്നിവ പരീക്ഷാഭവൻ നിർവഹിക്കുന്നതാണ്. മലയാളം, ഇംഗ്ലീഷ്, തമിഴ്, കന്നഡ എന്നീ നാലു പഠന മാധ്യമങ്ങളിൽ ആവശ്യമായ ചോദ്യപേപ്പർ തയ്യാറാക്കി ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ വഴി വിതരണം നടത്തുന്നതാണ്.

## 6. പരീക്ഷാകേന്ദ്രം

- ❖ സബ്ജില്ലയിലെ സൗകര്യപ്രദമായ യു.പി/എച്ച്.എസ് സ്കൂളായിരിക്കണം പരീക്ഷാകേന്ദ്രമായി തെരഞ്ഞെടുക്കേണ്ടത്. പരീക്ഷാകേന്ദ്രത്തിന്റെ തെരഞ്ഞെടുപ്പ് പരീക്ഷാകേന്ദ്രത്തിന്റെ ചീഫ്, ഡെപ്യട്ടി ചീഫ്, ഇൻവിജിലേറ്റർ എന്നിവരുടെ നിയമനം എ.ഇ.ഒ.യുടെ ചുമതലയായിരിക്കും. (എ.ഇ.ഒ പരീക്ഷാസമിതിയിലെ മറ്റ് അംഗങ്ങളുമായി കൂടിയാലോചിച്ച് ഇവരുടെ നിയമനം നടത്തണം).എസ്.എസ്.എൽ.സി. മൂല്യനിർണ്ണയ ക്യാമ്പുകൾ പരീക്ഷാകേന്ദ്രമായി തെരഞ്ഞടുക്കരുത്.
- ❖ ഒരു ക്ലാസ് മുറിയിൽ 20 കുട്ടികൾക്ക് പരീക്ഷ എഴുതാവുന്നതാണ്. ഇപ്രകാരം 200 കുട്ടികൾ ക്കുവരെ ഒരു കേന്ദ്രത്തിൽ പരീക്ഷയെഴുതാവുന്നതാണ്. 200 ൽ കൂടുതൽ കുട്ടികളുണ്ടെങ്കിൽ സബ് ജില്ലാതലത്തിൽ ഒന്നിലേറെ കേന്ദ്രങ്ങൾ തെരഞ്ഞെടുക്കേണ്ടതാണ്.
- ❖ ഓരോ പരീക്ഷാകേന്ദ്രത്തിനും ഒരു ചീഫ്, ഡെപ്യൂട്ടി ചീഫ് എന്നിവർ ഉണ്ടായിരിക്കണം. പരീക്ഷാകേന്ദ്രമായ സ്കൂളിലെ ഹെഡ്മാസ്റ്ററായിരിക്കണം ചീഫ് സൂപ്രണ്ട്. അടുത്ത ഉപജില്ല യിലെ ഒരു യു.പി വിദ്യാലയത്തിലെ ഹെഡ്മാസ്റ്ററായിരിക്കണം ഡെപ്യൂട്ടി ചീഫ് സൂപ്രണ്ട്.
- ❖ ഇൻവിജിലേറ്റർമാരായി നിയോഗിക്കേണ്ടത് തൊട്ടടുത്ത സബ് ജില്ലകളിൽ നിന്നുള്ള അധ്യാപകർ ആയിരിക്കണം.

## 7. ചീഫ് സൂപ്രണ്ട്, ഡെപ്യൂട്ടി ചീഫ് സൂപ്രണ്ട്, ഇൻവിജിലേറ്റർമാർ എന്നിവരുടെ നിയമനം.:

ഉപജില്ലയിൽ പരീക്ഷാ കേന്ദ്രങ്ങളായി തെരഞ്ഞെടുക്കപ്പെട്ട സ്കൂളുകളിലെ പ്രധാനാധ്യാപ കൻ/പ്രധാനാധ്യാപിക ചീഫ് സൂപ്രണ്ടായിരിക്കും. ഡെപ്യൂട്ടി ചീഫ് സൂപ്രണ്ട്, ഇൻവിജിലേറ്റർമാർ എന്നിവർ പ്രസ്തുത സെന്ററിൽ പരീക്ഷയെഴുതുന്ന കുട്ടികളുടെ സ്കൂളുകളിൽ നിന്നുള്ളവരാകരുത്. ഇൻവിജിലേറ്റർമാരുടെ നിയമന ഉത്തരവ് ബന്ധപ്പെട്ട ഉപജില്ല ഓഫീസർമാർ നൽകേണ്ടതാണ്.

എല്ലാ പരീക്ഷയിലും ഇൻവിജിലേഷൻ ഡ്യൂട്ടിക്ക് നിയോഗിക്കുന്ന അദ്ധ്യാപകരുടെ അടുത്ത ബന്ധുക്കൾ ആരും തന്നെ പരീക്ഷാഹാളിൽ ഇല്ലായെന്ന് ചീഫ് സൂപ്രണ്ട് ഉറപ്പു വരുത്തേണ്ടതാണ്. ഏതെങ്കിലും ബന്ധുക്കൾ പരീക്ഷാ സെന്ററിൽ ഉണ്ടെങ്കിൽ ഇൻവിജിലേറ്റർമാർ പ്രസ്തുത വിവരം പരീക്ഷ ആരംഭിയ്ക്കുന്നതിനു മുമ്പു തന്നെ ചീഫ് സൂപ്രണ്ടിന്റെ ശ്രദ്ധയിൽപ്പെടുത്തേണ്ടതാണ്. ഇക്കാര്യത്തിൽ ഇൻവിജിലേറ്റർമാരിൽ നിന്നും ഒരു ഡിക്ലറേഷൻ എഴുതി വാങ്ങേണ്ടതാണ്

## 8. ഒ.എം.ആർ. ഷീറ്റ് നിർദ്ദേശങ്ങൾ

1. യു.എസ്.എസ്. പരീക്ഷയ്ക്ക് ശേഷം പരീക്ഷാർത്ഥികൾക്ക് ഒ.എം.ആർ. ഷീറ്റിന്റെ കാൻഡിഡേറ്റ് കോപ്പി നൽകുന്നതിനാൽ ഒ.എം.ആർ. ഷീറ്റിന്റെ ഫോട്ടോകോപ്പി നൽകുന്നതല്ല.

2. യു.എസ്.എസ്. പരീക്ഷയുടെ ഉത്തരപേപ്പറുകൾ മൂല്യനിർണ്ണയം നടത്തുന്നത് കമ്പ്യൂട്ടർ അധിഷ്ഠിത ഒ.എം.ആർ. വാലേഷൻ മുഖേനയാണ്. പരീക്ഷാവേളയിൽ ഒ.എം.ആർ. ഷീറ്റിൽ കൃത്യമായി വിവരങ്ങൾ ബബിൾ ചെയ്യുവാൻ പരീക്ഷാർത്ഥികൾ ശ്രദ്ധിക്കേണ്ടതാണ്. അല്ലാത്ത പക്ഷം മൂല്യനിർണ്ണയത്തിൽ ഒ.എം.ആർ. അസാധു ആകുന്നതാണ്.

3. ഹാൾടിക്കറ്റിൽ തെറ്റ് സംഭവിച്ചിട്ടുണ്ടെങ്കിൽ പരീക്ഷയ്ക്ക് മുൻപ് തന്നെ തെറ്റ് തിരുത്തി പുതിയ ഹാൾടിക്കറ്റ് കൈപ്പറ്റേണ്ടതാണ്. ഒ.എം.ആർ.ഷീറ്റിൽ ഹാൾടിക്കറ്റിൽ ഉള്ള വിവരങ്ങളിൽ നിന്നും വിപരീതമായി വിവരങ്ങൾ ബബിൾ ചെയ്താൽ ഒ.എം.ആർ. ഷീറ്റ് കമ്പ്യൂട്ടർ വാലേഷനിൽ അസാധു ആകുന്നതാണ്. അസാധുവായ ഒ.എം.ആർ. ഷീറ്റിനെ സംബന്ധിച്ച പരാതികൾ പരിഗണിക്കുന്നതല്ല. പരീക്ഷാർത്ഥികൾ ഒ.എം.ആർ. ഷീറ്റിൽ വിവരങ്ങൾ കൃത്യമായി ബബിൾ ചെയ്യേണ്ടതാണ്.

4. ഒ.എം.ആർ. ഷീറ്റിന്റെ നിശ്ചിതസ്ഥാനത്ത് പരീക്ഷാർത്ഥി (സെറ്റ്) ആൽഫാകോഡ്, റോൾ നമ്പർ രേഖപ്പെടുത്തി ബബിൾ ചെയ്യേണ്ടതാണ്. ഫസ്റ്റ്ലാംഗ്വേജ്(എ.റ്റി.), ഫസ്റ്റ്ലാംഗ്വേജ് (ബി.റ്റി), മീഡിയം, ജെൻഡർ എന്നിവയും തെറ്റ്കൂടാതെ പരീക്ഷാർത്ഥികൾ ബബിൾ ചെയ്യേണ്ടതാണ്. അല്ലാത്തപക്ഷം ഒ.എം.ആർ. അസാധു ആകുന്നതാണ്.

5. A, B, C, D എന്നിങ്ങനെ നാല്സെറ്റ് ആൽഫാ കോഡുകളിലാണ് ചോദ്യബുക്ക്ലെറ്റുകൾ നൽകുന്നത്. ഈ പരീക്ഷയിലെ മൂന്ന് പാർട്ടുകൾക്കും(പാർട്ട് – എ,ബി,സി) ഒരേസെറ്റ് ആൽഫാ കോഡുകളിലെ ചോദ്യബുക്ക്ലെറ്റുകളാണ് ലഭിച്ചിരിക്കുന്നത് എന്ന് പരീക്ഷാർത്ഥികൾ ഉറപ്പുവരുത്തേണ്ടതാണ്.

| | |
|---|---|
| ഉദാ: | പേപ്പർ 1 ലെ പാർട്ട് എ യുടെ ചോദ്യപേപ്പറിന്റെ സെറ്റ് എ ലഭിച്ച വിദ്യാർത്ഥി പേപ്പർ ഒന്നിലെ പാർട്ട് ബി യുടേയും പാർട്ട്സിയുടേയും ചോദ്യങ്ങൾ ലഭിക്കുമ്പോൾ സെറ്റ് എയിലുള്ളത് ആണോ എന്ന് ഉറപ്പുവരുത്തേണ്ടതാണ്. |

**9.** പേപ്പർ – 1, 2 പരീക്ഷകൾക്ക് വ്യത്യസ്ത ഒ.എം.ആർ. ഷീറ്റുകളാണ് യു.എസ്.എസ്. പരീക്ഷാർത്ഥികൾക്ക് ലഭിക്കുന്നത്. **ഒ.എം.ആർ. ഷീറ്റിന്റെ മാതൃക അനുബന്ധമായി പരീക്ഷാവിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.**

## 10. മൂല്യനിർണയം

ഒ.എം.ആർ ഷീറ്റുകൾ ഉപയോഗിച്ചാണ് പരീക്ഷ നടത്തുന്നത്. പരീക്ഷാഭവൻ ഇതിനനുസരിച്ച് മൂല്യനിർണയം നിർവഹിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. രാവിലെ നടന്ന പരീക്ഷയുടെ ഉത്തരക്കടലാസുകൾ (ഒ.എം.ആർ) പരീക്ഷയ്ക്കുശേഷം ഉച്ചയ്ക്കു മുമ്പു തന്നെ കേടുപാടു കൂടാതെ പായ്ക്ക് ചെയ്ത് സീൽ ചെയ്ത് വയ്ക്കേണ്ടതും, ഉച്ചയ്ക്കുശേഷം നടത്തുന്ന പരീക്ഷയുടെ ഉത്തരക്കടലാസുകൾ (ഒ.എം.ആർ) കേടുപാടുകൂടാതെ പായ്ക്ക് ചെയ്ത് സീൽവച്ച് സെന്ററിൽ നിന്നും അന്നു തന്നെ ബന്ധപ്പെട്ട ഡി.ഇ.ഒ കളിൽ എത്തിക്കേണ്ടതുമാണ്. ഡി.ഇ.ഒ. യിൽ നിന്നും പരീക്ഷാഭവൻ ഈ ഉത്തരക്കടലാസുകൾ നേരിട്ട് ശേഖരിക്കുന്നതാണ്. **ഒ.എം.ആർ. മാതൃകയിലുള്ള പരീക്ഷയായതിനാൽ യു.എസ്.എസ് പരീക്ഷയ്ക്ക് പുനർമൂല്യനിർണ്ണയം ഉണ്ടായിരിക്കുന്നതല്ല.**

## 11. *സ്കോളർഷിപ്പ്* ലഭിക്കുന്നതിനുള്ള യോഗ്യത

രണ്ടു പേപ്പറുകൾക്കും കൂടി ആകെയുള്ള 90 സ്കോറിൽ 63 സ്കോറോ (70%) അതിൽ കൂടുതലോ കിട്ടിയാൽ സ്കോളർഷിപ്പിന് അർഹതയുണ്ടായിരിക്കും. ടി പരീക്ഷയ്ക്ക് നെഗറ്റീവ് മാർക്ക് സിസ്റ്റം ഉണ്ടായിരിക്കുന്നതല്ല.

## 12. പ്രതിഭാധനരെ തെരഞ്ഞെടുക്കൽ

പ്രതിഭാധനരായ വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നതിനു വേണ്ടി സ്ക്രീനിംഗ് ടെസ്റ്റ് രീതിക്ക് പകരം യു.എസ്.എസ് പരീക്ഷയിൽ ലഭിക്കുന്ന സ്കോർ അനുസരിച്ച് ഇതിലേയ്ക്കുള്ള കുട്ടികളെ തെരഞ്ഞടുക്കുന്നതാണ്. ഇങ്ങനെ തെരഞ്ഞടുക്കുമ്പോൾ സംവരണതത്വങ്ങൾ പാലിക്കുന്നതാണ്. ഓരോ വിദ്യാഭ്യാസ ജില്ലയിൽ നിന്നും ഏറ്റവും കൂടുതൽ സ്കോർ നേടിയ 40 കുട്ടികളെയാണ് തെരഞ്ഞെടുക്കുന്നത്.

| | | |
|---|---|---|
| ഓപ്പൺ വിഭാഗം | – | 30 |
| ഒ.ബി.സി | – | 2 |
| ഒ.ഇ.സി | – | 2 |
| എസ്.സി | – | 2 |
| എസ്.ടി. വിഭാഗം | – | 2 |
| സി.ഡബ്ല്യൂ.എസ്.എൻ വിഭാഗം | – | 2 |
| **ആകെ** | | **40** |

ഒ.ഇ.സി വിഭാഗത്തിൽ കുട്ടികൾ ഇല്ലെങ്കിൽ ജനറൽ വിഭാഗത്തിൽ നിന്ന് ഒരാളെക്കൂടി പരിഗണിക്കും. എസ്.സി. വിഭാഗത്തിൽ നിന്ന് കുട്ടികളില്ലെങ്കിൽ ഉയർന്ന റാങ്ക് നേടിയ ഒരു ഒ.ഇ.സി അതുമല്ലെങ്കിൽ ജനറൽ വിഭാഗത്തിലെ ഒരു കുട്ടിയെക്കൂടി പരിഗണിക്കുന്നതാണ്. എസ്.ടി. വിഭാഗത്തിൽ കുട്ടികളില്ലെങ്കിൽ ഒരു കുട്ടിയെക്കൂടി എസ്. സി. വിഭാഗത്തിൽ നിന്നും പരിഗണിക്കും. ഈ വിഭാഗങ്ങളിൽ കുട്ടികളില്ലെങ്കിൽ ജനറൽ വിഭാഗത്തിൽ നിന്നും ഒരാളെ തെരഞ്ഞടുക്കുന്നതാണ്. സംവരണ വിഭാഗങ്ങളിലൊന്നും കുട്ടികളില്ലെങ്കിൽ എല്ലാവരേയും ജനറൽ വിഭാഗത്തിൽ നിന്നും തെരഞ്ഞെടുക്കും. നിശ്ചിത എണ്ണം വിദ്യാർത്ഥികളെ തിരഞ്ഞെടുക്കുമ്പോൾ ആകെ മാർക്കിൽ ടൈ വരുന്ന അവസരത്തിൽ ഗണിതത്തിന്റെ മാർക്ക് ടൈ ബ്രേക്കിന് പരിഗണിക്കുന്നതായിരിക്കും.

**കുറിപ്പ് :– (ഗവൺമെന്റിന്റെയോ പരീക്ഷാകമ്മീഷണറുടെയോ ഉത്തരവിനു വിധേയമായി പ്രതിഭാധനരെ തെരഞ്ഞെടുക്കുന്ന മാനദണ്ഡത്തിൽ മാറ്റം വരാവുന്നതാണ്.)**

## 12 . ഫലപ്രഖ്യാപനം

ഒ.എം.ആർ വിലയിരുത്തലിന് ശേഷം വിദ്യാഭ്യാസ ജില്ല തിരിച്ച് പരീക്ഷാഭവൻ ഫലപ്രഖ്യാപനം നടത്തുന്നതാണ്.

## 13. സർട്ടിഫിക്കറ്റ് വിതരണം, സ്കോളർഷിപ്പ് തുക വിതരണം.

യു.എസ്.എസ് പരീക്ഷയുടെ സർട്ടിഫിക്കറ്റുകൾ പരീക്ഷാഭവനിൽ നിന്നും നൽകുന്നതാണ്. സ്കോളർഷിപ്പ് തുക അടുത്ത അദ്ധ്യയന വർഷം പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിലെ സ്കോളർഷിപ്പ് സെൽ വഴി വിതരണം ചെയ്യുന്നതാണ്.

## 14.. പൊതുനിർദ്ദേശങ്ങൾ

- പരീക്ഷാ നടത്തിപ്പിനുള്ള നിർദ്ദേശങ്ങൾ, ചോദ്യപേപ്പർ, ആവശ്യമായ ഫോറങ്ങൾ തുടങ്ങിയവ പരീക്ഷാഭവൻ തയ്യാറാക്കി നൽകും.
- ഉപജില്ലാതലത്തിൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ, ബന്ധപ്പെട്ട ഡയറ്റ് ഫാക്കൽറ്റികളുടെ സഹായത്തോടെ പരിശീലനം നൽകണം. പരീക്ഷയിൽ വരുന്ന മാറ്റങ്ങൾ മുൻകൂട്ടി അറിയിക്കുന്നതിനായി സബ്ജില്ലാതലത്തിൽ ഹെഡ്മാസ്റ്റർമാരുടെ യോഗത്തിൽ പുതിയ രീതികൾ വിശദീകരിക്കണം. എസ്.ആർ.ജി കൺവീനർമാർക്കും പുതിയ രീതി പരിചയപ്പെടുത്തണം.
- പരീക്ഷയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട ചീഫ്, ഡെപ്യൂട്ടി ചീഫ് എന്നിവർക്ക് ജില്ലാതലത്തിൽ ഡയറ്റിന്റെ നേതൃത്വത്തിൽ പരിശീലനം നൽകണം.
- പരീക്ഷയുടെ ദിവസം അതാതു കേന്ദ്രങ്ങളിൽ പരീക്ഷാ സമിതിയുടെ സാന്നിദ്ധ്യം ഉറപ്പാക്കണം.
- ജില്ലയിലെ മൊത്തം പരീക്ഷാ പ്രവർത്തനങ്ങൾ ജില്ലാതല പരീക്ഷാ സമിതി മോണിറ്റർ ചെയ്യണം.
- ഒ.എം.ആർ അനുസരിച്ചുള്ള പരീക്ഷ എഴുതുന്നതിനുള്ള പരീശീലനം പങ്കെടുക്കുന്ന എല്ലാ കുട്ടികൾക്കും നൽകുന്നതിനുള്ള നടപടി ഉപജില്ലാതലത്തിൽ സ്വീകരിക്കേണ്ടതാണ്.
- ഒ.എം.ആർ–ൽ കൃത്യമായ വിവരങ്ങൾ രേഖപ്പെടുത്തുവാൻ പരീക്ഷാർത്ഥികൾ ശ്രദ്ധിക്കേണ്ടതാണ്. അപൂർണമായി രേഖപ്പെടുത്തിയ ഒ.എം.ആർ മൂല്യനിർണയം നടത്തുവാൻ സാധിക്കുന്നതല്ല. ഇത് സംബന്ധിച്ചുള്ള പരാതികൾ പിന്നീട് പരിഗണിക്കുന്നതല്ല.
- ***ഒ.എം.ആർ.ൽ രജിസ്റ്റർ, നമ്പർ, ക്വസ്റ്റ്യൻ ബുക്ക്ലറ്റ് നമ്പർ, സെറ്റ് എന്നിവ കൃത്യമായി രേഖപ്പെടുത്തുകയും കൃത്യമായ ബബിളുകളിൽ തന്നെ കറുപ്പിക്കുകയും ചെയ്യണം.***
- ***ഒ.എം.ആർ.ൽ മീഡിയവും, ഭാഷയും തെറ്റുകൂടാതെ കൃത്യമായ ബബിളുകളിൽ തന്നെ കറുപ്പിക്കേണ്ടതാണ്.***
- ***ഒ.എം.ആർ–ൽ മേൽ പറഞ്ഞ കാര്യങ്ങൾ പരിശോധിച്ച് തെറ്റുകൂടാതെ കുട്ടികൾ ചെയതിട്ടുണ്ടെന്ന് ഇൻവിജിലേറ്റർ ഉറപ്പുവരുത്തേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തുന്ന ജീവനക്കാർക്കെതിരെ ചട്ടപ്രകാരമുള്ള കർശനമായ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ്.***

- **പരീക്ഷയുടെ സുഗമമായ നടത്തിപ്പിന് വിജ്ഞാപനത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ കൃത്യമായി പാലിക്കാൻ ബന്ധപ്പെട്ട എല്ലാവരും ശ്രദ്ധിക്കേണ്ടതാണ്.**

# യു.എസ്.എസ്. പരീക്ഷയുടെ പ്രവർത്തന കലണ്ടർ

| ക്രമ. നം. | പ്രവർത്തനങ്ങൾ | തീയതി |
|---|---|---|
| 1. | പരീക്ഷാഭവനിൽ നിന്നും വെബ്സൈറ്റ് ആക്ടീവ് ആക്കുന്ന തീയതി | 18/12/2024 |
| 2. | ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ വെബ്സൈറ്റ് സജ്ജമാക്കേണ്ട അവസാന തീയതി | 26/12/2024 |
| 3. | സ്കൂൾ ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിക്കേണ്ട തീയതി | 30/12/2024 |
| 4. | രജിസ്ട്രേഷൻ പൂർത്തിയാക്കേണ്ട തീയതി | 15/01/2025 |
| 5. | പരീക്ഷാർത്ഥികളുടെ അന്തിമ പട്ടിക എ.ഇ.ഒ മാർക്ക് സമർപ്പിക്കേണ്ട തീയതി | 17/01/2025 |
| 6. | പരീക്ഷാഭവനിൽ നിന്നും രജിസ്റ്റർ നമ്പരുകൾ അനുവദിക്കുന്ന തീയതി | 29/01/2025 |
| 7. | ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർ പരീക്ഷാസെന്റർ അടിസ്ഥാനത്തിൽ പരീക്ഷാർത്ഥികളുടെ രജിസ്റ്റർ നമ്പരുകൾ ഉള്ള പട്ടിക ഡൗൺലോഡ് ചെയ്ത് സെന്ററുകളുടെ ചീഫ് സൂപ്രണ്ടുമാർക്ക് നൽകേണ്ട അവസാന തീയതി | 05/02/2025 |
| 8. | പ്രധാനാധ്യാപകൻ ഹാൾ ടിക്കറ്റുകൾ ഡൗൺലോഡ് ചെയ്ത് ഒപ്പ് രേഖപ്പെടുത്തി സെന്റർ ചീഫ് സൂപ്രണ്ടുമാർക്ക് സമർപ്പിച്ച് ഒപ്പ് വാങ്ങി അന്തിമമാക്കി പരീക്ഷാർത്ഥികൾക്ക് വിതരണം ചെയ്യേണ്ട അവസാന തീയതി | 07/02/2025 |
| 9. | യു.എസ്.എസ്. സ്കോളർഷിപ്പ് പരീക്ഷയുടെ തീയതി | 27/02/2025 |

**പരീക്ഷാ കമ്മിഷണർ**

INSTRUCTIONS : CANDIDATE TO PLEASE FOLD AT PERFORATION AND THEN TEAR AFTER EXAMINATION IS OVER. SEPARATE ORIGINAL COPY AND CANDIDATE'S COPY OF OMR ANSWER SHEET AND HANDOVER ORIGINAL ANSWER SHEET TO THE INVIGILATOR

# PAREEKSHA BHAVAN KERALA, THIRUVANANTHAPURAM

## USS EXAMINATION - 2023

GOVERNMENT OF KERALA

ORIGINAL COPY

## PAPER - I

**IMPORTANT INSTRUCTIONS**

1. Mark should be dark and completely fill in the appropriate circles. Mark the circles corresponding to one alternative out of A, B, C, D which you think is correct answer to an item given in the Question Booklet as per example.

| Correct Method | Wrong Method |
|---|---|
| Ⓐ ● Ⓒ Ⓓ | ⊗ ◒ ⊘ ◉ |

2. Use only Blue/Black Ball Point Pen to fill the OMR Sheet.
3. There should be no stray marks on the sheet or on the barcode. Darken only one circle for every question.
4. Do not fold or damage the sheet.
5. All item carry one mark each.
6. **In Paper I, there are Fifty (50) Questions, candidates can answer all the questions. Marks of 45 questions with correct answer only will be considered.**
7. **In Paper II, there are Fifty Five (55) Questions, candidates can answer all the questions. Marks of 45 questions with correct answer only will be consirdred.**

**Name of the Candidate** (Leave a box blank between each part of the name)

| Roll Number (as given in Admission Card) ROLL NUMBER USS EXAM | Question Booklet Number | Set | Ist Language (AT) | Medium |
|---|---|---|---|---|
| 0 1 2 3 4 5 6 7 8 9 | 0 1 2 3 4 5 6 7 8 9 | A ○ B ○ C ○ D ○ | Malayalam ○ Tamil ○ Kannada ○ Arabic ○ Urdu ○ Sanskrit ○ | Malayalam ○ English ○ Tamil ○ Kannada ○ |

| Ist Language (BT) | Gender |
|---|---|
| Malayalam ○ Tamil ○ Kannada ○ | Male ○ Female ○ |

**Signature of Candidate** (Within the Box)

**Signature of Invigilator** (Within the Box)

*Important Instruction : Use same set of question booklet for Part A, B & C.*

**PART - A (1st Language-AT)**: 1–15 Ⓐ Ⓑ Ⓒ Ⓓ

*Question No. 1 to 15 Answer all Questions*

**PART - B (1st Language-BT)**: 16–30 Ⓐ Ⓑ Ⓒ Ⓓ

*Out of Question No. 16 to 30 correct answer of 10 Questions only will be considered.*

**PART - C (Mathematics)**: 31–50 Ⓐ Ⓑ Ⓒ Ⓓ

*Question No 31 to 50 Answer all Questions.*

**Monogram of Centre Superintendent**

200001

BARCODE

USE BLUE OR BLACK BALL POINT PEN ONLY

INSTRUCTIONS : CANDIDATE TO PLEASE FOLD AT PERFORATION AND THEN TEAR AFTER EXAMINATION IS OVER.
SEPARATE ORIGINAL COPY AND CANDIDATE'S COPY OF OMR ANSWER SHEET AND HANDOVER ORIGINAL ANSWER SHEET TO THE INVIGILATOR

# PAREEKSHA BHAVAN KERALA, THIRUVANANTHAPURAM

## USS EXAMINATION - 2023

ORIGINAL COPY

GOVERNMENT OF KERALA

## PAPER - II

### IMPORTANT INSTRUCTIONS

1. Mark should be dark and completely fill in the appropriate circles. Mark the circles corresponding to one alternative out of A, B, C, D which you think is correct answer to an item given in the Question Booklet as per example.

| Correct Method | Wrong Method |
|---|---|
| Ⓐ ● Ⓒ Ⓓ | ⊗ ◒ ⊘ ◉ |

2. Use only Blue/Black Ball Point Pen to fill the OMR Sheet.
3. There should be no stray marks on the sheet or on the barcode. Darken only one circle for every question.
4. Do not fold or damage the sheet.
5. All item carry one mark each.
6. In Paper I, there are Fifty (50) Questions, candidates can answer all the questions. Marks of 45 questions with correct answer only will be considered.
7. In Paper II, there are Fifty Five (55) Questions, candidates can answer all the questions. Marks of 45 questions with correct answer only will be considred.

**Name of the Candidate** (Leave a box blank between each part of the name)

| Roll Number (as given in Admission Card) ROLL NUMBER USS EXAM | Question Booklet Number | Set | Medium | Gender |
|---|---|---|---|---|
| 0–9 (6 columns) | 0–9 (6 columns) | A ◯ B ◯ C ◯ D ◯ | Malayalam ◯ English ◯ Tamil ◯ Kannada ◯ | Male ◯ Female ◯ |

**Signature of Candidate** (Within the Box)

**Signature of Invigilator** (Within the Box)

*Important Instruction : Use same set of question booklet for Part A, B & C.*

**PART - A (ENGLISH)** — *Question No. 1 to 15 Answer all Questions*

| Q | Options |
|---|---|
| 1 | Ⓐ Ⓑ Ⓒ Ⓓ |
| 2 | Ⓐ Ⓑ Ⓒ Ⓓ |
| 3 | Ⓐ Ⓑ Ⓒ Ⓓ |
| 4 | Ⓐ Ⓑ Ⓒ Ⓓ |
| 5 | Ⓐ Ⓑ Ⓒ Ⓓ |
| 6 | Ⓐ Ⓑ Ⓒ Ⓓ |
| 7 | Ⓐ Ⓑ Ⓒ Ⓓ |
| 8 | Ⓐ Ⓑ Ⓒ Ⓓ |
| 9 | Ⓐ Ⓑ Ⓒ Ⓓ |
| 10 | Ⓐ Ⓑ Ⓒ Ⓓ |
| 11 | Ⓐ Ⓑ Ⓒ Ⓓ |
| 12 | Ⓐ Ⓑ Ⓒ Ⓓ |
| 13 | Ⓐ Ⓑ Ⓒ Ⓓ |
| 14 | Ⓐ Ⓑ Ⓒ Ⓓ |
| 15 | Ⓐ Ⓑ Ⓒ Ⓓ |

**PART - B (Basic Science)** — *Out of Question No. 16 to 35 correct answer of 15 Questions only will be considered.*

| Q | Options | Q | Options |
|---|---|---|---|
| 16 | Ⓐ Ⓑ Ⓒ Ⓓ | 26 | Ⓐ Ⓑ Ⓒ Ⓓ |
| 17 | Ⓐ Ⓑ Ⓒ Ⓓ | 27 | Ⓐ Ⓑ Ⓒ Ⓓ |
| 18 | Ⓐ Ⓑ Ⓒ Ⓓ | 28 | Ⓐ Ⓑ Ⓒ Ⓓ |
| 19 | Ⓐ Ⓑ Ⓒ Ⓓ | 29 | Ⓐ Ⓑ Ⓒ Ⓓ |
| 20 | Ⓐ Ⓑ Ⓒ Ⓓ | 30 | Ⓐ Ⓑ Ⓒ Ⓓ |
| 21 | Ⓐ Ⓑ Ⓒ Ⓓ | 31 | Ⓐ Ⓑ Ⓒ Ⓓ |
| 22 | Ⓐ Ⓑ Ⓒ Ⓓ | 32 | Ⓐ Ⓑ Ⓒ Ⓓ |
| 23 | Ⓐ Ⓑ Ⓒ Ⓓ | 33 | Ⓐ Ⓑ Ⓒ Ⓓ |
| 24 | Ⓐ Ⓑ Ⓒ Ⓓ | 34 | Ⓐ Ⓑ Ⓒ Ⓓ |
| 25 | Ⓐ Ⓑ Ⓒ Ⓓ | 35 | Ⓐ Ⓑ Ⓒ Ⓓ |

**PART - C (Social Science)** — *Out of Question No. 36 to 55 correct Answer of 15 Questions only will be considered.*

| Q | Options | Q | Options |
|---|---|---|---|
| 36 | Ⓐ Ⓑ Ⓒ Ⓓ | 46 | Ⓐ Ⓑ Ⓒ Ⓓ |
| 37 | Ⓐ Ⓑ Ⓒ Ⓓ | 47 | Ⓐ Ⓑ Ⓒ Ⓓ |
| 38 | Ⓐ Ⓑ Ⓒ Ⓓ | 48 | Ⓐ Ⓑ Ⓒ Ⓓ |
| 39 | Ⓐ Ⓑ Ⓒ Ⓓ | 49 | Ⓐ Ⓑ Ⓒ Ⓓ |
| 40 | Ⓐ Ⓑ Ⓒ Ⓓ | 50 | Ⓐ Ⓑ Ⓒ Ⓓ |
| 41 | Ⓐ Ⓑ Ⓒ Ⓓ | 51 | Ⓐ Ⓑ Ⓒ Ⓓ |
| 42 | Ⓐ Ⓑ Ⓒ Ⓓ | 52 | Ⓐ Ⓑ Ⓒ Ⓓ |
| 43 | Ⓐ Ⓑ Ⓒ Ⓓ | 53 | Ⓐ Ⓑ Ⓒ Ⓓ |
| 44 | Ⓐ Ⓑ Ⓒ Ⓓ | 54 | Ⓐ Ⓑ Ⓒ Ⓓ |
| 45 | Ⓐ Ⓑ Ⓒ Ⓓ | 55 | Ⓐ Ⓑ Ⓒ Ⓓ |

**Monogram of Centre Superintendent**

BARCODE 200001

USE BLUE OR BLACK BALL POINT PEN ONLY